പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

## 2015-16

# FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS

## 2015-16

2015 ജൂൺ ......8......-ാം തീയതി സമർപ്പിച്ചത്

(Presented on .....8..... June. 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**

**അഞ്ചാമത് റിപ്പോർട്ട്**

**2015-16**

## FIFTH REPORT ON THE SCRUTINY OF

## DEMANDS FOR GRANTS

## 2015-16

435/2015.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | v |
| അവതാരിക | vii |
| റിപ്പോർട്ട് | 1 |

## വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.
ശ്രീമതി ജമീലാ പ്രകാശം, "
ശ്രീ. ജെയിംസ് മാത്യു, "
" ഇ. പി. ജയരാജൻ, "
" സി. മോയിൻകുട്ടി, "
" എസ്. ശർമ്മ, "
" എം. വി. ശ്രേയാംസ് കുമാർ, "
" പി. തിലോത്തമൻ, "

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
,, എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# അവതാരിക

2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2015 ഏപ്രിൽ 16, 22 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു :

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ XXIX | — കൃഷി |
| ധനാഭ്യർത്ഥന നമ്പർ XXX | — ഭക്ഷ്യം (വെയർഹൗസിംഗ് കോർപ്പറേഷൻ) |
| ധനാഭ്യർത്ഥന നമ്പർ XXXI | — മൃഗസംരക്ഷണം |
| ധനാഭ്യർത്ഥന നമ്പർ XXXII | — ക്ഷീരവികസനം |
| ധനാഭ്യർത്ഥന നമ്പർ XXXIII | — മത്സ്യബന്ധനം |

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2015 മേയ് മാസം 5-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. പി. മോഹനൻ,

*ചെയർമാൻ,*

*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2015 മേയ് 5.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXIX— കൃഷി

വോട്ടുചെയ്തത് : 2737,52,23,000 രൂപ

ചാർജ് ചെയ്തത് : 10,00,000 രൂപ

2401-00-102-90 —ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം (ജില്ലാ പദ്ധതി)

വിഹിതം : 33,82,00,000 രൂപ (പദ്ധതി)

2015-16 വർഷം 1.80 ലക്ഷം ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണെന്നും ഈ ശീർഷകത്തിൽ നിലവിലുള്ള ധനസഹായം 1500 രൂപ/ഹെക്ടർ എന്നത് 2015-16 മുതൽ 4,500 രൂപ/ഹെക്ടർ ആയി ഉയർത്താൻ ഉദ്ദേശിക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5400 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-103-87—നാളികേര വികസനം

വിഹിതം : 45,00,00,000 രൂപ (പദ്ധതി)

2. തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലെ കേരഗ്രാമം പദ്ധതിയിൻകീഴിൽ വളരെ കുറച്ച് പഞ്ചായത്തുകൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ എന്നതിനാൽ കൂടുതൽ പഞ്ചായത്തുകളെ ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി 4500 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-91—ഡിപ്പാർട്ട്മെന്റ് കൃഷിസ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ

വിഹിതം : 10,75,00,000 രൂപ (പദ്ധതി)

3. ഉൽപ്പാദനോപാധികളുടെയും തൈകളുടെയും വിതരണത്തിനുള്ള വാഹന വാടക, വിത്തുതേങ്ങയുടെ വില എന്നീ ഇനങ്ങളിൽ അധികം തുക വേണ്ടിവരുമെന്നതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-86 (01) — ഫാം സെക്യുറിൻവേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി—കടാശ്വാസ കമ്മീഷൻ

വിഹിതം : 21,38,01,000 രൂപ (പദ്ധതിയേതരം)

4. ഫാം സെക്യുറിനുവേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതിക്കായുള്ള അപേക്ഷകൾ തീർപ്പാക്കാനും ഇതിനകം തീർപ്പു കൽപ്പിച്ച അപേക്ഷകളിൽ കർഷകർക്ക് കടാശ്വാസം അനുവദിക്കാനും ഈ ശീർഷകത്തിൽ 2500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-105-85—ഓർഗാനിക് ഫാമിംഗ്

വിഹിതം: 10,00,00,000 രൂപ (പദ്ധതി)

5. ജൈവകൃഷി രാജ്യത്ത് സജീവമായിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ്. 2016-ഓടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജൈവകൃഷി നടപ്പിലാക്കുന്നതിന് 2500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-108-59—സുഗന്ധദ്രവ്യങ്ങളുടെ വികസനം

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

6. കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനായി 300 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-110-83— കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള ഇൻഷ്വറൻസ് പദ്ധതി (സംസ്ഥാന വിഹിതം)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

7. പ്രീമിയം തുകയിനത്തിൽ സംസ്ഥാന വിഹിതമായി അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കോർപ്പറേഷന് നൽകുവാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുവാൻ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-113-81— കാർഷിക യന്ത്രവൽക്കരണത്തിനുള്ള ഉപദൗത്യം (SMAM)

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

8. കാർഷിക യന്ത്രവൽക്കരണം മെച്ചപ്പെടുത്തുന്നതിനുള്ള ഈ പദ്ധതിയിൽ കേന്ദ്ര വിഹിതമായി 400 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നതെന്നും സംസ്ഥാന

വിഹിതം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2015-16 വർഷം സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിൽ 135 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-115-99—ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

വിഹിതം : 32,79,00,000 രൂപ (പദ്ധതിയേതരം)

9. കെ.എസ്.ഇ.ബി. വൈദ്യുതിനിരക്ക് പുതുക്കിയതിനാൽ നെൽകർഷകർക്ക് ഭൂപരിധിയില്ലാതെയും കരകൃഷിക്ക് 2 ഹെക്ടർ വരെയും വൈദ്യുതി സൗജന്യം നൽകുന്ന ഈ പദ്ധതിക്കായി 621 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-115-98—ചെറുകിട നാമമാത്ര കർഷക പെൻഷൻ

വിഹിതം : 103,20,00,000 രൂപ (പദ്ധതിയേതരം)

10. ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ 330599 കർഷകരാണ് നിലവിൽ അംഗങ്ങളായിട്ടുള്ളതെന്നും 2014-15-ൽ 215 കോടി രൂപ കുടിശ്ശികയാണെന്നും നിലവിലുള്ള അംഗങ്ങൾക്ക് 600 രൂപ പ്രതിമാസം പെൻഷൻ നൽകുന്നതിനായി ഏകദേശം 236 കോടി രൂപ ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുടിശ്ശിക സഹിതം വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 34,780 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-191—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം

50—റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്

വിഹിതം : 44,000 രൂപ (പദ്ധതിയേതരം)

2401-00-192—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

50—റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്

വിഹിതം : 39,60,000 രൂപ (പദ്ധതിയേതരം)

2401-00-198—ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

50—റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്

വിഹിതം : 12,03,40,000 രൂപ (പദ്ധതിയേതരം)

11. സംസ്ഥാനത്തെ രണ്ട് ലക്ഷത്തോളം ഹെക്ടർ നെൽകൃഷിക്ക് ഒരു സീസണിൽ ഹെക്ടറിന് 1,000 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നതിന് 756.56 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2402-00-101-84—പഞ്ചായത്ത് തലത്തിലുള്ള വിശദമായ മണ്ണ് പര്യവേഷണം

വിഹിതം : ഇല്ല

12. പഞ്ചായത്തുതല വിശദ മണ്ണ് പര്യവേഷണത്തിനായി ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2402-00-101-83—സോയിൽ മ്യൂസിയം

വിഹിതം : 50,00,000 രൂപ (പദ്ധതി)

13. സംസ്ഥാന സോയിൽ മ്യൂസിയത്തിന്റെ ദൈനംദിന നടത്തിപ്പിന് ആവശ്യമായ ജീവനക്കാരെ നിയമിക്കണമെന്നും അതുവരെ പ്രസ്തുത ജോലിക്കായി ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2402-00-102-87 —മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

വിഹിതം : 3,45,00,000 രൂപ (പദ്ധതി)

14. ഉരുൾപൊട്ടൽ, മണ്ണൊലിപ്പ് എന്നിവമൂലം സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 155 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള കാർഷിക സർവ്വകലാശാല

2415-01-277-99—കേരള കാർഷിക സർവ്വകലാശാല, സഹായധനം

(31)—സഹായധനം— ശമ്പളം

വിഹിതം : 225,53,00,000 രൂപ (പദ്ധതിയേതരം)

15. 2015-16-ലെ സംസ്ഥാന ബജറ്റിൽ കാർഷിക സർവ്വകലാശാലയ്ക്ക് പദ്ധതിയേതര ഗ്രാന്റായി അനുവദിച്ചിട്ടുള്ളത് 225.53 കോടി രൂപ മാത്രമാണ്. ഇത് തൻവർഷത്തെ

ഗ്രാന്റായ 208.824 കോടിയേക്കാൾ വെറും 8% മാത്രം അധികമാണ്. നിലവിലുള്ള ഗ്രാന്റ് തന്നെ ശമ്പളം, പ്രതിമാസ പെൻഷൻ തുടങ്ങിയവയ്ക്ക് അപര്യാപ്തമാണെന്നിരിക്കെ 20% എങ്കിലും വർദ്ധനവ് ലഭിയ്ക്കാത്തത് 2015-16 വർഷത്തെ ശമ്പളം, പെൻഷൻ വിതരണം അടക്കമുള്ള പ്രവർത്തനങ്ങളെ വളരെ പ്രതികൂലമായി ബാധിക്കും. 42-ൽ അധികം വരുന്ന ഗവേഷണ കേന്ദ്രങ്ങളിലും ഫാമുകളിലുമായി നടക്കേണ്ട ഉൽപ്പാദന പ്രക്രിയ, തൊഴിലാളികൾക്ക് നൽകേണ്ട വേതനം, അതാത് കാലങ്ങളിൽ കാലാവസ്ഥയ്ക്കനുയോജ്യമായി ചെയ്യേണ്ട കൃഷിപ്പണികൾ എന്നിവയ്ക്കെല്ലാം പണം കണ്ടെത്താനാകാതെ സർവ്വകലാശാല കടുത്ത സാമ്പത്തിക പ്രതിസന്ധി തന്നെ നേരിടേണ്ടി വരും. വരുംവർഷത്തെ 2 ഗഡു ഡി. എ. വർദ്ധനവും 10-ാം ശമ്പള പരിഷ്കരണംമൂലം വന്നുചേരാവുന്ന അധിക ബാദ്ധ്യതയും അതീവ ഗുരുതരമായ സ്ഥിതി വിശേഷത്തിലേക്കാണ് സർവ്വകലാശാലയെ കൊണ്ടുചെന്നെത്തിക്കുക. ഇതിന് പുറമേ, ഉയർന്ന ശമ്പളം പറ്റുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും അടക്കം 150-ഓളം പേർ ഈ വർഷം വിരമിക്കാനിരിക്കെ സാമ്പത്തിക പ്രതിസന്ധിയുടെ ആഴം വളരെ വലുതായിരിക്കും. ഹൈക്കോടതിയെ സമീപിച്ച് അനുകൂല വിധി സമ്പാദിച്ച പെൻഷൻകാർക്ക് പണം നൽകാൻ കഴിയാത്തതിനാൽ 6% പലിശ നൽകേണ്ട സാഹചര്യവും വന്നുചേർന്നിരിക്കുന്നു. നിലവിൽ സർവ്വകലാശാലയിൽ നിന്നും പെൻഷൻ വാങ്ങുന്നവരുടെ എണ്ണം 4574 ആണ്. ഇവർക്ക് പ്രതിമാസ പെൻഷൻ കൊടുക്കുന്നതിനായി സർവ്വകലാശാലയ്ക്ക് പ്രതിവർഷം 94 കോടിയോളം രൂപ ചെലവിടേണ്ടിവരുന്നു. ഓരോ വർഷവും റിട്ടയർ ചെയ്യുന്നവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് പ്രതിവർഷം 26 കോടി രൂപയ്ക്കുമേൽ ചെലവുവരും. അതായത് പ്രതിവർഷം പെൻഷൻ ഇനത്തിൽ മാത്രം 120 കോടിയോളം രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതുകൂടാതെ 2012, 2013, 2014 വർഷങ്ങളിൽ വിരമിച്ചവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ഇനിയും കൊടുത്തുതീർക്കേണ്ടതായും ഉണ്ട്.

16. മേൽ സാഹചര്യങ്ങൾ പരിഗണിച്ച് സർവ്വകലാശാലയുടെ ബാധ്യതകൾ തീർക്കുന്നതിന് ഒറ്റത്തവണ പദ്ധതിയേതര ഗ്രാന്റായി 274.41 കോടി രൂപയും 2015-16-ലെ തനതു ചെലവുകൾക്ക് അധിക ഗ്രാന്റായി 41.627 കോടി രൂപയും ചേർത്ത് ആകെ 316.037 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(35)—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

(36)—കേരള കാർഷിക സർവ്വകലാശാലാ സഹായധനം

വിഹിതം : 17,70,00,000 രൂപ (പദ്ധതി)

17. പദ്ധതി തുക സർവ്വകലാശാലയ്ക്ക് പലപ്പോഴും സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലാണ് ലഭിച്ചുവരുന്നതെന്നും യഥാസമയം പദ്ധതി തുക സർക്കാരിൽനിന്നും

ലഭിക്കാത്തത് സർവ്വകലാശാലയുടെ പദ്ധതി പ്രവർത്തനങ്ങളെ വളരെ ദോഷകരമായി ബാധിക്കുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സർവ്വകലാശാലയ്ക്ക് വകയിരുത്തുന്ന പദ്ധതി തുക യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

2415-03-277-99 —കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

വിഹിതം : 40,00,00,000 രൂപ (പദ്ധതി)

18. ഗവേഷണം, വിദ്യാഭ്യാസം, വിജ്ഞാപനം എന്നിവയുടെ നിർവ്വഹണത്തിനും സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യമൊരുക്കൽ, ഭരണം എന്നീ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കുമുള്ള തുകയും സർവ്വകലാശാല കെട്ടിടനിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് ബഹു. മുഖ്യമന്ത്രി അനുവദിച്ച തുകയും ഉൾപ്പെടെ 2500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സർവ്വകലാശാലയ്ക്ക് മുൻവർഷം വകയിരുത്തിയ പദ്ധതി തുകയിൽ ലഭിക്കേണ്ട ബാക്കി തുക അനുവദിച്ചുനൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(31)—സഹായധനം —ശമ്പളം

വിഹിതം : 57,94,41,000 രൂപ (പദ്ധതിയേതരം)

19. സർവ്വകലാശാലയിൽ നിലവിൽ 100 പെൻഷൻകാരുണ്ട്. ഇവരുടെ ഗ്രാറ്റുവിറ്റി / കമ്മ്യൂട്ടേഷൻ/ആർജ്ജിത വേതനം (ടെർമിനൽ) എന്നിവ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭിക്കാനുള്ള തുക അടക്കം കുടിശ്ശികയാണെന്നും അധ്യാപകരുടെ ഒഴിവ് നികത്തുന്നതിന് 94 അസിസ്റ്റന്റ് പ്രൊഫസർമാരെ വിവിധ ഫാക്കൽറ്റികളിൽ യു.ജി.സി. ശമ്പളനിരക്കിൽ നിയമിച്ചെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ചെലവുകൾക്കായി 3187.59 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തിനു പുറമെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2551-01-800-91—മലയോര വികസന ഏജൻസി

വിഹിതം : 70,00,00,000 രൂപ (പദ്ധതി)

20. മലയോര വികസന ഏജൻസിക്ക് 2015-16 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 70 കോടി രൂപയും 2014-15 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ ഇനിയും ലഭിക്കാനുള്ള തുകയും നടപ്പുസാമ്പത്തിക വർഷം അനുവദിച്ചുനൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4435-01-101-97 —മറ്റു കാർഷിക പരിപാടികൾ സംബന്ധിച്ച മൂലധന ചെലവ്—
ആർ.ഐ.ഡി.എഫ്. പദ്ധതികൾ

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

21. ഈ പദ്ധതിയിൻകീഴിൽ നിലവിൽ നടന്നുവന്നിരുന്ന പ്രവൃത്തികൾക്കായിട്ടാണ് 500 ലക്ഷം രൂപ 2015-16-ൽ വകയിരുത്തിയിട്ടുള്ളത്. എന്നാൽ 2015 മാർച്ച് മാസത്തിൽ ഈ പദ്ധതിയിൻകീഴിൽ (RIDF, XX) 30 കോടിയിലേറെ രൂപയ്ക്ക് വിവിധ പ്രവൃത്തികൾക്കായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 3 വർഷംകൊണ്ട് പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തികൾക്കായി 2015-16 വർഷത്തിൽ 250 ലക്ഷം രൂപ അധികമായി ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 250 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXX— ഭക്ഷ്യം

വോട്ട് ചെയ്യുന്നത് : 834,89,29,000 രൂപ

ചാർജ് ചെയ്യുന്നത് : ഇല്ല

2408-02-800-99 —പഴവർഗ്ഗങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഘടകം

വിഹിതം : 8,00,000 രൂപ (പദ്ധതിയേതരം)

22. ഈ ശീർഷകത്തിൽ 2014-15-ൽ അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 7 ലക്ഷം രൂപ റിലീസ് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXI —മൃഗസംരക്ഷണം

വോട്ട് ചെയ്യുന്നത് : 581,45,18,000 രൂപ

ചാർജ് ചെയ്യുന്നത് : ഇല്ല

2403-00-001-99 —മൃഗസംരക്ഷണം—ഭരണവും നടത്തിപ്പും—നടത്തിപ്പ്

വിഹിതം : 7,13,68,000 രൂപ (പദ്ധതിയേതരം)

01-4 —ശമ്പളം—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 1,36,000 രൂപ

23. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലേയും ഫാം ഇൻഫർമേഷൻ ബ്യൂറോയിലേയും ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-98—ആശുപത്രികളും ഡിസ്പെൻസറികളും

വിഹിതം : 142,38,13,000 രൂപ (പദ്ധതിയേതരം)

24. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 14 ജില്ലാ വെറ്ററിനറി സെന്ററുകൾ, 3 മേഖലാ മരുന്ന് സ്റ്റോറുകൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ ഇതിനായി 3 ലക്ഷം രൂപയും 2015-'16 സാമ്പത്തിക വർഷം പുതിയ 7 വെറ്ററിനറി പോളിക്ലിനിക്കുകൾ ആരംഭിക്കുന്നതിനായി 100.43 ലക്ഷം രൂപയും 2015-16-ൽ പുതിയതായി ആരംഭിക്കുന്ന രാത്രികാല വെറ്ററിനറി സേവനം 30 ബ്ലോക്കുകളിൽ ലഭ്യമാക്കുവാൻ ജീവനക്കാരുടെ ശമ്പളം, മറ്റു ചെലവുകൾ എന്നിവയ്ക്കായി 322.2 ലക്ഷം രൂപയും കൂടി ചേർത്ത് ആകെ 425.63 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

വിഹിതം : 26,96,00,000 രൂപ (പദ്ധതി)

25. ഈ ശീർഷകത്തിൽ താഴെപ്പറയും പ്രകാരം അധിക തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. മൃഗാശുപത്രിക്ക് ആവശ്യമുള്ള മരുന്നു വാങ്ങുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യത്തിനായി 600 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. കുടപ്പനക്കുന്നിലെ, പണി പൂർത്തിയായി വരുന്ന, മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിന് ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനായി 150 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനായി 83 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. പൊതുജന സുരക്ഷയ്ക്ക് വളരെ അത്യാവശ്യമായ ഈ പദ്ധതിക്കായി 83 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-84—ജീവശാസ്ത്രപരമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം

വിഹിതം : 3,85,00,000 രൂപ (പദ്ധതി)

29. പാലോട് പ്രവർത്തിക്കുന്ന ഐ.എ.എച്ച്. & വി.ബി-യിൽ ഒരു സെൽ കൾച്ചർ യൂണിറ്റ് CGMP നിലവാരത്തിൽ സ്ഥാപിക്കാനായി ഈ ശീർഷകത്തിൽ 1500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-99— ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

വിഹിതം : 63,11,02,000 രൂപ (പദ്ധതിയേതരം)

30. തിരുവനന്തപുരം, കൊട്ടാരക്കര, പത്തനംതിട്ട, ഇടുക്കി, ആലുവ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കന്നുകാലി വികസന പ്രോജക്ടുകൾ, അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ, സബ്സെന്ററുകൾ എന്നിവയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-96—വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 8,70,00,000 രൂപ (പദ്ധതി)

20,12,53,000 രൂപ (പദ്ധതിയേതരം)

31. കെ.എൽ.ഡി. ബോർഡ് ബീജം വാങ്ങുന്ന വകയിൽ നൽകാനുള്ള തുകയിനത്തിൽ 350 ലക്ഷം രൂപ (2014-'15 വർഷത്തിൽ അധികം നൽകേണ്ട തുക ഉൾപ്പെടെ) ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-81—ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

വിഹിതം : 13,75,00,000 രൂപ (പദ്ധതി)

32. കാസർഗോഡ് ബദിയടുക്ക ഫാമിന് ഓഫീസ് കെട്ടിടം, സ്റ്റോർ റൂം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഈ ശീർഷകത്തിൽ 140 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. സർക്കാർ ഫാമുകളിൽ വിപണന ശൃംഖല സ്ഥാപിക്കാനായി 75 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല. ജഴ്സി ഫാം, വിതുര, ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ എന്നിവിടങ്ങളിൽ പാൽ വിപണന സൗകര്യത്തിന് ശീതീകരണ സംവിധാനം ഉൾപ്പെടെയുള്ള വിപണന സൗകര്യം ഒരുക്കുന്നതിന് 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-79 —പ്രത്യേക കന്നുകാലി വികസന പദ്ധതി—എസ്.എൽ.ഡി.പി.

വിഹിതം : 16,39,00,000 രൂപ (പദ്ധതി)

34. ഈ പദ്ധതിയിൽ 40,000 കന്നുകുട്ടികളെ കൂടി ഉൾപ്പെടുത്തുന്നതിനായി 1148 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-78 —ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 30,00,00,000 രൂപ (പദ്ധതി)

35. നിലവിലുള്ള കന്നുകുട്ടികൾക്കും പുതിയതായി എൻറോൾ ചെയ്യുന്ന കന്നുകുട്ടികൾക്കും തീറ്റ നൽകുന്നതിനായി 4552 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. ഗോവർദ്ധിനി പദ്ധതിയിൽ പുതുതായി പശുക്കുട്ടികളെ വാങ്ങി നൽകുന്ന പദ്ധതി കൂടി ആരംഭിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തതയും, സംസ്ഥാനത്ത് വ്യാപകമാകുന്ന ജൈവ കൃഷിക്ക് സഹായകമാകുന്ന ഈ പദ്ധതി മുഖേന 1 ലക്ഷം കന്നുകുട്ടികളെ വാങ്ങി നൽകുന്നതിനായി 5000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-103-84 —വീട്ടുപരിസരത്ത് കോഴിവളർത്തൽ വികസന പരിപാടി

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

37. സംസ്ഥാനത്തെ സ്കൂളുകൾ വഴി നടപ്പാക്കുന്ന ഈ പദ്ധതിയിൽ കൂടുതൽ സ്കൂൾ കുട്ടികൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക വഴി സംസ്ഥാനത്തെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിയുമെന്നതിനാൽ ഈ ശീർഷകത്തിൽ 250 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4403-00-109-97 —വെറ്ററിനറി വികസനം

വിഹിതം : ഇല്ല

38. കണ്ണൂർ കക്കാടിൽ പുതിയ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിനായും മറ്റു പരിശീലന കേന്ദ്രങ്ങളുടെ മരാമത്ത് പണികൾക്കായും 1000 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പരാമർശിക്കാത്തവ

39. കുടപ്പനക്കുന്ന് പരിശീലന കേന്ദ്രത്തെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിന് 2014-'15 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതിക്ക് 1000 ലക്ഷം രൂപ ബന്ധപ്പെട്ട ശീർഷകം പുനഃസ്ഥാപിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## അനിമൽ സയൻസ് മ്യൂസിയം, മലമ്പുഴ

40. 2014-'15 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയായിരുന്നുവെന്നും കൺസൾട്ടൻസി ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിനുള്ള ശീർഷകം പുനഃസ്ഥാപിച്ച് 350 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആടുവികസന ബോർഡ്

41. ആടുവികസന ബോർഡിന്റെ പ്രാരംഭ നടപടികൾക്കായി പുതിയ ശീർഷകം ആരംഭിച്ച് ആയതിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്

2403-00-190-94 — കെ. എസ്.പി.ഡി.സി.-ക്ക് സഹായം

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

42. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡിന് ഈ ശീർഷകത്തിൽ താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി അധികതുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു, അതിനാൽ :-

43. വിവിധ കെപ്കോ പദ്ധതികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 600 ലക്ഷം രൂപയും ;

44. കടപ്പനക്കുന്ന്, കൊട്ടിയം, മാള ഫാമുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി 200 ലക്ഷം രൂപയും ;

45. കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രത്തിന്റെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി 100 ലക്ഷം രൂപയും ;

46. മാള കോഴിത്തീറ്റ ഉല്പാദനകേന്ദ്രത്തിന്റെ മൂലധനത്തിനു വേണ്ടി 1500 ലക്ഷം രൂപയും ;

47. പേട്ടയിലെ മാംസസംസ്കരണ കേന്ദ്രം കടപ്പനക്കുന്നിലേക്ക് മാറ്റുന്നതിന് 700 ലക്ഷം രൂപയും ;

48. ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6403-00-190-92— സംസ്ഥാന കോഴിവളർത്തൽ വികസന കോർപ്പറേഷനുള്ള വായ്പകൾ (ആർ.ഐ.ഡി.എഫ്.)

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

49. കാസർഗോഡ് ജില്ലയിൽ പുതുതായി ആരംഭിക്കുന്ന തികച്ചും ശാസ്ത്രീയവും ആധുനിക സജ്ജീകരണങ്ങളോടുകൂടിയതുമായ മാംസ സംസ്കരണശാല പൂർത്തിയാക്കുന്നതിന് 1200 ലക്ഷം രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

2403-00-190-93—എം.പി.ഐ.-യ്ക്ക് സഹായം

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

50. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഇടയാർ കാമ്പസിലെ, ആധുനിക രീതിയിലും ശാസ്ത്രീയമായും മാംസം സംസ്കരിക്കുന്നതിനുള്ള പ്ലാന്റിന്റെ നിർമ്മാണം വിജയകരമായും സമയബന്ധിതമായും നവംബർ 2015-ൽ പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ 192 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

51. പ്രതിദിനം 10 ടൺ കോഴിമാംസം (ഓർഗാനിക് ചിക്കൺമീറ്റ്) ഉൽപ്പാദിപ്പിക്കാൻ ഉതകുന്ന പദ്ധതിയായ മുണ്ടയാട് ആധുനിക കോഴിമാംസ സംസ്കരണ പദ്ധതി സമയബന്ധിതമായി 2015 ഡിസംബറിൽ പൂർത്തീകരിക്കുന്നതിന് 200 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52. ചാലക്കുടിയിലെ ആധുനിക മാംസ സംസ്കരണ പദ്ധതിയുടെ പൂർത്തീകരണത്തിനായി 950 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6403-00-190-99 — മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡിനുള്ള വായ്പകൾ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

53. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ ഇടയാർ കാമ്പസിൽ ആധുനിക രീതിയിലും ശാസ്ത്രീയമായും മാംസം സംസ്കരിക്കുന്ന പ്ലാന്റിന്റെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 624 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

# കേരള ഫീഡ്സ് ലിമിറ്റഡ്

2403-00-190-86—<u>കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം</u>

വിഹിതം : 6,00,00,000 രൂപ (പദ്ധതി)

54. കേരള ഫീഡ്സ് ലിമിറ്റഡിന്റെ താഴെപ്പറയുന്ന പദ്ധതികൾക്ക് അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു.

55. ഇടുക്കി ജില്ലയിലെ അരിക്കുഴ പഞ്ചായത്തിൽ പ്രതിദിനം 500 ടൺ ഉത്പാദനശേഷിയുള്ള ഒരു ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി പൂർത്തിയാകുന്നതോടെ ക്ഷീര കർഷകർക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ മിതമായ നിരക്കിൽ ലഭ്യമാക്കാൻ കഴിയും. ആയതിനാൽ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ <u>1000 ലക്ഷം രൂപ അധികമായി ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

56. തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലുള്ള പ്രതിദിനം 650 ടൺ ഉത്പാദന ശേഷിയുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമായിട്ട് 16 വർഷം തികഞ്ഞു. ആയതിനാൽ പെല്ലറ്റ് മിൽ, ഹാമർ മിൽ, സൈലൊ തുടങ്ങിയ നിർണ്ണായക യന്ത്രസാമഗ്രികളുടെ നവീകരണം നടത്തുന്നതിനായി ഈ ശീർഷകത്തിൽ <u>600 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

57. തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 50 ടൺ ഉത്പാദനശേഷിയുള്ള ബൈപാസ് പ്രൊട്ടീൻ ഫീഡ് സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ <u>200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

58. കേന്ദ്ര ഗവൺമെന്റിന്റെ വനിത ശിശുക്ഷേമ വകുപ്പ് മുഖാന്തിരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10000 വനിതകൾക്ക് ആട്ടുവിതരണം ചെയ്യുന്ന ഒരു പദ്ധതി കേരള ഫീഡ്സ് ആവിഷ്കരിച്ച് വരുന്നതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ചെലവ് ഏകദേശം 9 കോടി രൂപയാണ്. ആദ്യഘട്ട ധനസഹായമായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് 259.88 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ സമയ ബന്ധിതമായ നടത്തിപ്പിലേക്കായി ഈ ശീർഷകത്തിൽ <u>200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

59. കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി പഞ്ചായത്തിൽ തിരുവങ്ങൂരിൽ സ്ഥാപിക്കുന്ന പ്രതിദിനം 360 ടൺ ഉത്പാദനശേഷിയുള്ള കാലിത്തീറ്റ-ആട്ടുതീറ്റ

യൂണിറ്റിന്റെ നിർമ്മാണ ചെലവ് 6100 ലക്ഷം രൂപയാണ്. കേരള സർക്കാരിൽ നിന്നും ഇതുവരെ ബഡ്ജറ്റ് വിഹിതമായി 951 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 2015-2016-ൽ 100 ലക്ഷം രൂപ വായ്പയിനത്തിൽ 6403-00-190-94 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഇതിന്റെ നിർമ്മാണ ചെലവിലേക്കായി 800 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള പ്രതിദിനം 300 ടൺ ഉത്പാദന ശേഷിയുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനുവേണ്ടി നടപ്പുസാമ്പത്തിക വർഷം 100 ലക്ഷം രൂപ വായ്പയിനത്തിൽ 6403-00-190-94 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത യൂണിറ്റിന്റെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം കാര്യക്ഷമമായ രീതിയിൽ ഉറപ്പുവരുത്തി മുന്നോട്ടുപോകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ആവശ്യമായ വിപുലീകരണം നടത്തുവാനായി ഈ ശീർഷകത്തിൽ 600 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡ്

2403-00-190-83—കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിനുള്ള സഹായം

വിഹിതം : 17,00,00,000 രൂപ (പദ്ധതി)

ക്ഷീരകർഷകർക്ക് സാങ്കേതിക വിദ്യകൾ പകർന്നു നൽകുന്നതിനായി കളക്ടീവ് ഡെയറി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

61. ക്ഷീരകർഷകരെ കൂടുതലായി ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും അവർക്ക് ആധുനിക പരിപാലനമുറകൾ പകർന്നുകൊടുക്കുന്നതിനും പുതിയതായി സമർപ്പിച്ച ഈ പദ്ധതി സഹായകമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പദ്ധതി വിഹിതമായി ഈ ശീർഷകത്തിൽ 392.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം

വോട്ട് ചെയ്തത് : 189,38,60,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2404-00-001-99-01-4 —ക്ഷീരവികസനം—ഭരണവും നടത്തിപ്പും ഡയറക്ടറേറ്റ് —ശമ്പളം—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 2,12,000 രൂപ (പദ്ധതിയേതരം)

62. ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിൽ 2014-15 വർഷം നൽകേണ്ട മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകളിൽ 3 ലക്ഷത്തോളം കുടിശ്ശികയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതു നൽകുന്നതിന് 3.88 ലക്ഷം രൂപ ഈ ഇനത്തിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-99-05-4 —ഡയറക്ടറേറ്റ് ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വിഹിതം : 3,00,000 രൂപ (പദ്ധതിയേതരം)

63. രജിസ്റ്റേർഡ് പോസ്റ്റായി അയയ്ക്കേണ്ട സ്റ്റാറ്റ്യൂട്ടറി നോട്ടീസുകൾ തുടങ്ങിയവയുടെ ചെലവുകളും കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകളും സ്റ്റേറ്റ് ഡെയറി ലാബിലെ ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കേണ്ടത്. കൂടാതെ വൈദ്യുതി ചാർജ്ജിൽ വന്നിട്ടുള്ള വർദ്ധനവും കണക്കിലെടുക്കേണ്ടതുണ്ട്. കൂടാതെ ഡയറക്ടറേറ്റിൽ ഒരു പാർക്കിംഗ് ഷെഡ്, കോൺഫറൻസ് ഹാൾ എന്നിവ കെട്ടുന്നതിന് നൽകേണ്ട കുടിശ്ശിക തുക നൽകുന്നതിനും തുക ആവശ്യമാണ്. ആയതിനാൽ ഈ ആവശ്യങ്ങൾക്കായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-99-17 —ചെറു മരാമത്ത് പണികൾ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

64. ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടം 60 വർഷത്തോളം പഴക്കമുള്ളതാണെന്നും ഇതിന്റെ മേൽക്കൂരയിൽ ചോർച്ചയും പലഭാഗത്തും സീലിംഗ് പൊട്ടി താഴെ വീണിട്ടുള്ളതും ആയതിനാൽ ഇതിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നിർവ്വഹിക്കേണ്ടതുണ്ടെന്നും മെയിൻ റോഡിൽ നിന്നും ഹെഡ് ഓഫീസിലേക്കുള്ള സബ്റോഡ് ഗതാഗത യോഗ്യമല്ലാതായിട്ടുള്ളതിനാൽ ആയതിന്റെ അറ്റകുറ്റപ്പണിയും

അത്യാവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രത്തിൽ വച്ച് വിവിധ പരിശീലനങ്ങൾ നടത്തുന്നതിന് പുതിയ രണ്ട് നിലകൂടി നിലവിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗത്തായി നിർമ്മിക്കേണ്ടതും ഡെയറി ഡയറക്ടറേറ്റ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മുകളിൽ അവലോകനയോഗങ്ങൾ നടത്തുന്നതിന് ഒരു കോൺഫറൻസ് ഹാൾ പണിയേണ്ടതുമുണ്ട്. മേൽ ആവശ്യങ്ങൾക്കായി 250 ലക്ഷം രൂപ ഈ ഇനത്തിൽ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-99-21-1 —ഡയറക്ടറേറ്റ്—വാഹനം വാങ്ങൽ

വിഹിതം : ഇല്ല

65. 2012-13-ൽ ഭരണാനുമതി ലഭിക്കുകയും 2013 ഫെബ്രുവരിയിലെ ഉപധനാഭ്യർത്ഥനയിൽ 33,98,000 രൂപ അനുവദിക്കുകയും ചെയ്തതിൻപ്രകാരം കമ്പനിയിൽ നിന്നും 7 ബൊലേറോ ജീപ്പുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എടുക്കുകയും ചെയ്തുവെങ്കിലും 2013-14-ലെ കേന്ദ്ര ബഡ്ജറ്റിൽ എക്സൈസ് തീരുവ കൂട്ടിയതിനാൽ 6 വാഹനങ്ങൾ വാങ്ങുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാനേ പ്രസ്തുത തുക കൊണ്ട് കഴിഞ്ഞിട്ടുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഭരണാനുമതി ലഭിച്ച ഏഴാമത്തെ വാഹനം വാങ്ങുന്നതിന് 8 ലക്ഷം രൂപ ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-98-05—ജില്ലാഭരണം—ഓഫീസ് ചെലവുകൾ

വിഹിതം : 12,00,000 രൂപ (പദ്ധതിയേതരം)

66. 14 ജില്ലാ ഓഫീസുകളുടെയും ഓഫീസ് ചെലവുകൾക്കും, അത്യാവശ്യ ചെലവുകൾക്കും, തപാലുകൾ അയയ്ക്കുന്നതിനുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ 4.24 ലക്ഷം രൂപ ഈ ഇനത്തിൽ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-98-06 —ജില്ലാഭരണം—വാടക, കരം, നികുതി

വിഹിതം : 3,40,000 രൂപ (പദ്ധതിയേതരം)

67. എറണാകുളം, പത്തനംതിട്ട തുടങ്ങിയ ജില്ലാ ഓഫീസുകളുടെ കീഴിൽവരുന്ന യൂണിറ്റ് ഓഫീസുകളുടെയും മറ്റു ജില്ലാ ഓഫീസുകളുടെയും വാടക കുടിശ്ശിക ഇനത്തിലുള്ള തുക നൽകുന്നതിലേക്കായി 4.60 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-97-04-1—വികസന പ്രവർത്തന ഘടകങ്ങൾ—യാത്രാബത്ത

വിഹിതം : 6,18,000 രൂപ (പദ്ധതിയേതരം)

68. 152 ഡെയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകളിലെ ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക നൽകുവാനും നടപ്പുവർഷത്തെ യാത്രാബത്ത തുക നൽകുവാനും വിരമിച്ച ജീവനക്കാർക്ക് റ്റി.എ. കുടിശ്ശിക നൽകുന്നതിനും 8.82 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-96—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

വിഹിതം : 3,50,00,000 രൂപ (പദ്ധതി)

69. പുതിയ ക്ഷീരവികസന യൂണിറ്റുകൾ ആരംഭിക്കുന്നതിനും 2013-14 വർഷത്തിൽ അപ്രതീക്ഷിതമായുണ്ടായ വെള്ളപ്പൊക്കക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച ക്ഷീര കർഷകർക്കും, കുളമ്പുരോഗ ബാധമൂലം ഉരുക്കൾ മരണപ്പെട്ട് നഷ്ടമനുഭവിച്ച എല്ലാ കർഷകർക്കും ധനസഹായം നൽകുന്നതിനും അധിക തുക ശീർഷകത്തിൽ അനുവദിക്കേണ്ടിയിരിക്കുന്നു. ആകെ 610 ലക്ഷത്തിന്റെ പ്രൊപ്പോസൽ വകുപ്പ് സമർപ്പിച്ചിരുന്നതിൽ 350 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ടി ശീർഷക ത്തിൽ 260 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-79 —കാലിത്തീറ്റയ്ക്കുള്ള സബ്സിഡി

വിഹിതം : 13,50,00,000 രൂപ (പദ്ധതി)

70. ക്ഷീര കർഷകർക്ക് വർഷം മുഴുവനും കാലിത്തീറ്റ സബ്സിഡി നൽകുമെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തികവർഷം 5210 ലക്ഷം രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു. ആയതിനാൽ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 1350 ലക്ഷം രൂപയ്ക്കുപുറമെ 3860 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-77—കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉല്പാദനവും സൂക്ഷിക്കലും

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

71. തീറ്റപ്പുൽ കൃഷിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 1400 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 500 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് വനിതകളെ ഉൾപ്പെടുത്തി

ഗോപാലിക ഗ്രൂപ്പ് രൂപീകരിച്ച് തീറ്റപ്പുൽ കൃഷി വ്യാപകമാക്കുന്നതിന് വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 900 ലക്ഷം' രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-76 —കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് ധനസഹായം

വിഹിതം : 25,00,000 രൂപ (പദ്ധതി)

72. കേരള ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകരുടെ എണ്ണം വർദ്ധിച്ചതിനാലും സാമൂഹിക സുരക്ഷാ പദ്ധതികൾക്കായി നൽകുന്ന ധനസഹായം വർദ്ധിപ്പിക്കേണ്ടതുള്ളതിനാലും ഈ ശീർഷകത്തിൽ അധികമായി 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-800-78 —ക്ഷീര കർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം

വിഹിതം : ഇല്ല

73. ക്ഷീര കർഷകർക്ക് ക്ഷീര ക്ഷേമനിധി ബോർഡ് വഴി നൽകുന്ന പെൻഷൻ 300 രൂപയിൽ നിന്നും 500 രൂപയാക്കി സർക്കാർ വർദ്ധിപ്പിച്ചിരുന്നു. ഇതിന്റെ ഫലമായി 13 കോടിയോളം രൂപയാണ് ഓരോ വർഷവും ബോർഡിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നത്. 10 കോടി രൂപ സർക്കാർ അനുവദിക്കാൻ തീരുമാനിച്ചുവെങ്കിലും 5 കോടി മാത്രമാണ് 2014-15-ലെ SDG-യിൽ അനുവദിച്ചു നൽകിയത്. ആയതിനാൽ 2015-16 വർഷം ക്ഷീരകർഷകർക്ക് പെൻഷൻ നൽകുന്നതിന് അധിക സാമ്പത്തിക ബാദ്ധ്യത വന്ന തുകയായ 13 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-109-98-05-3—ക്ഷീര പരിശീലന കേന്ദ്രങ്ങൾ—ടെലിഫോൺ ചെലവുകൾ

വിഹിതം : 11,000 രൂപ (പദ്ധതിയേതരം)

74. ടെലിഫോൺ മുഖാന്തിരമാണ് ഇന്റർനെറ്റ് ഉപയോഗം എന്നതിനാൽ ക്ഷീര പരിശീലന കേന്ദ്രങ്ങളിലെ ടെലിഫോൺ ചാർജ്ജിനത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരെ കുറവാണ്. കുടിശ്ശിക ബില്ലുകൾ അടയ്ക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിൽ അധികമായി 89,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-195-94—ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം

വിഹിതം : 16,50,00,000 രൂപ (പദ്ധതി)

75. ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റവും കമ്പ്യൂട്ടർവൽക്കരണവും നടപ്പിലാക്കി ക്ഷീരസംഘങ്ങളെയും വകുപ്പിന്റെ വിവിധ തലത്തിലുള്ള ഓഫീസുകളെയും തമ്മിൽ ലിങ്ക് ചെയ്യുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുമായും ഈ ശീർഷകത്തിൽ 350 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-195-90 —ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം (ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതി)

വിഹിതം : ഇല്ല

76. ക്ഷീര സംഘങ്ങളുടെ ആധുനികവൽക്കരണം, ക്ഷീര പരിശീലന കേന്ദ്രങ്ങളുടെ ശാക്തീകരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-195-88-(35) — മലബാർ ക്ഷീരോത്പാദക സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ ആലക്കോട് ഡെയറി പ്ലാന്റ് സ്ഥാപിക്കൽ—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

വിഹിതം : ഇല്ല

77. കണ്ണൂർ ശ്രീകണ്ഠാപുരത്ത് സ്ഥാപിക്കുന്ന ഡെയറി പ്ലാന്റിന് സർക്കാർ വിഹിതമായി 17.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIII —മത്സ്യബന്ധനം

വോട്ട് ചെയ്തത് : 555,96,53,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2405-00-001-99—നടത്തിപ്പ്

വിഹിതം : 25,58,14,000 രൂപ (പദ്ധതിയേതരം)

78. കണ്ണൂർ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷൻ എന്നിവയുടെ റിപ്പയർ, പൊന്നാനി ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ഇലക്ട്രിക് റിപ്പയർ,

വെള്ളയിൽ കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ ചുറ്റുമതിൽ, കിണർ നിർമ്മാണം, കാസർഗോഡ് കസബ ഫിഷറീസ് കോംപ്ലക്സ് ചുറ്റുമതിൽ നിർമ്മാണം എന്നിവയുടെ ആവശ്യത്തിനായി ഈ ശീർഷകത്തിൽ 64.69 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-57 —മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള വിവരശേഖരണം

വിഹിതം : 30,00,000 രൂപ (പദ്ധതി)

79. ഈ പദ്ധതിയിൽ പ്രവർത്തിക്കുന്ന ഡെപ്യൂട്ടി ഡയറക്ടർ, റിസർച്ച് അസിസ്റ്റന്റ്, 2 സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റുമാർ എന്നിവരുടെ ശമ്പളം, 11 പാർട്ട് ടൈം എന്യൂമറേറ്റർമാരുടെ വേതനം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-88—ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്താലുള്ള ഭവന പദ്ധതി

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

80. മാതൃകാ ഗ്രാമീണ വികസന പദ്ധതിയുടെ കീഴിൽ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് സഹായം നൽകുന്നതിനുള്ള ഈ പദ്ധതിയിൽ മുൻ വർഷങ്ങളിൽ അനുവദിച്ച വീടുകളുടെ പണി പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 600 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-86 —മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ്

വിഹിതം : ഇല്ല

81. അഞ്ച് ഫിഷറീസ് സ്റ്റേഷനുകളിലേക്ക് മറൈൻ ആംബുലൻസ് വാങ്ങുന്നതിനായി 1000 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-84—മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

82. സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി പ്രതിമാസം 806 ലക്ഷം രൂപ നിരക്കിൽ 12 മാസത്തേക്ക് 9672 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-83—മത്സ്യത്തൊഴിലാളികൾക്കുള്ള ഉൽപ്പാദന ബോണസ്

വിഹിതം : ഇല്ല

83. 50000 മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനായി 450 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-82—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം) ( സംസ്ഥാന വിഹിതം)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

84. മുൻ വർഷങ്ങളിൽ അനുവദിച്ച എൻ.സി.ഡി.സി. പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 2304.79 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-78—മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് (സംസ്ഥാന പദ്ധതി)

വിഹിതം : 2,11,00,000 രൂപ (പദ്ധതി)

85. പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുകയും പ്രീമിയം തുക 150 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തതിനാൽ 12.36% സേവന നികുതി ഉൾപ്പെടെയുള്ള പ്രീമിയം അടയ്ക്കുന്നതിന് ഈ ശീർഷകത്തിൽ 39.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-105-96—മൂല്യവർദ്ധിത വിപണി

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

86. മുൻ വർഷങ്ങളിൽ ഏറ്റെടുത്ത് നിർമ്മാണം ആരംഭിച്ച മത്സ്യമാർക്കറ്റുകൾ, പ്രോസസിംഗ് പ്ലാന്റ്, ഫിഷ് മാൾ, പ്രീമിയം ഔട്ട്ലെറ്റ് എന്നിവയുടെ പൂർത്തീകരണത്തിനും 2015-16-ൽ വിഭാവനം ചെയ്തിരിക്കുന്ന ഫിഷ് പ്രൊഡക്ഷൻ ആന്റ് ഡ്രൈയിംഗ് യൂണിറ്റിന് വേണ്ടതായ അധിക തുകയും ചേർത്ത് 1314.726 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-105-88—തീരമൈത്രി സൂപ്പർ മാർക്കറ്റ്

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

87. തീരമൈത്രി സൂപ്പർ മാർക്കറ്റിലൂടെ മാവേലി ഇനത്തിൽപ്പെട്ട അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് സപ്ലൈകോയ്ക്ക് തുക

നൽകുന്നതിന് 100 ലക്ഷം രൂപ 2015-16 വർഷത്തിൽ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-109-94—ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

88. ഈ പദ്ധതിക്കായി 50 ഏക്കർ സ്ഥലം വകുപ്പിന് ലഭിച്ചിട്ടുള്ളതിൽ 40 ഏക്കർ സ്ഥലത്ത് ഓഷ്യനേറിയവും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നതായും പദ്ധതിക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി രൂപീകരിച്ചിട്ടുള്ളതായും പദ്ധതിയുടെ പ്രതീക്ഷിത അടങ്കൽ തുക 480 കോടിയാണെന്നും സമിതി മനസ്സിലാക്കുന്നു. പദ്ധതിക്ക് മലിനീകരണനിയന്ത്രണ ബോർഡിന്റെയും തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെയും അനുമതി ലഭിച്ചിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനം പൂർത്തിയാവുകയും സംസ്ഥാന കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ അംഗീകാരവും ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി വിവിധ ഏജൻസികൾക്ക് 33.55 ലക്ഷം രൂപ നൽകാനുണ്ട്. ആയതിനാൽ 2015-16 വർഷം ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-110-99—നാടൻ വള്ളങ്ങളുടെ ആധുനികവത്ക്കരണം (50% കേന്ദ്ര സഹായം)

വിഹിതം : 40,00,000 രൂപ (പദ്ധതി)

89. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പി.ക്കു താഴെയുള്ള ഔട്ട് ബോർഡ് മോട്ടോറുകൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനു വേണ്ടിയുള്ള പ്രസ്തുത പദ്ധതി മത്സ്യഫെഡ് വഴിയാണ് നടപ്പാക്കുന്നത്. എഞ്ചിനുകളുടെ വില വർദ്ധിച്ചതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാലും ഈ ശീർഷകത്തിൽ 110 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-94—മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം

വിഹിതം : 23,00,00,000 രൂപ (പദ്ധതിയേതരം)

90. ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുകയും മത്സ്യത്തൊഴിലാളി പെൻഷൻ തുക 600 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിലും 2014-15 വർഷത്തെ മൂന്നു മാസത്തെ പെൻഷൻ തുക വിതരണം ചെയ്യാനുള്ളതിനാലും ഈ ശീർഷകത്തിൽ 3855.40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-92—രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം

വിഹിതം : 10,00,00,000 രൂപ (പദ്ധതിയേതരം)

91. രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കളായ, വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പ്രതിവർഷം 15 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-75—മത്സ്യത്തൊഴിലാളികൾക്കുള്ള ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി (50% CSS)

വിഹിതം : 24,00,00,000 രൂപ (പദ്ധതി)

92. പഞ്ഞമാസങ്ങളിൽ ആഴക്കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃവിഹിതം 600 രൂപയിൽ നിന്നും 900 രൂപയാക്കി വർദ്ധിപ്പിക്കുകയും അതിനനുസരിച്ച് കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും 600 രൂപയിൽ നിന്നും 900 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധിക തുകയായി 8.40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-50—മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 1,23,00,000 രൂപ (പദ്ധതി)

93. പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുകയും പ്രീമിയം തുക 150 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തതിനാൽ 12.36% സേവന നികുതി ഉൾപ്പെടെ വാർഷിക പ്രീമിയം അടയ്ക്കുന്നതിന് ഈ ശീർഷകത്തിൽ 13.51 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-30—കടുങ്ങല്ലൂർ അക്വാടെക്നോളജി പാർക്ക്

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

94. കടുങ്ങല്ലൂരിലുള്ള അക്വാടെക്നോളജി പാർക്കിന്റെ പുനരുദ്ധാരണത്തിനായി 500 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-28—കേരള മത്സ്യ—അനുബന്ധ തൊഴിലാളി ക്ഷേമ സെസ്സ് ആക്ട്, 2007—പിരിച്ച സെസ്സ് തുക KFN ബോർഡിലേക്ക് മാറ്റുന്നത്

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

95. സെസ്സ് സംബന്ധമായ കേസുകൾ തീർപ്പാക്കുന്നതിനായി 20 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-23—കമ്മ്യൂണിറ്റി ക്യാപിറ്റൽ ഫോർ ഇൻസ്റ്റിറ്റ്യൂഷണൽ ക്രെഡിറ്റ് (പലിശരഹിത വായ്പ)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

96. മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്ന പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കമ്മ്യൂണിറ്റി മോട്ടിവേറ്റർമാരുടെ സേവനം ആവശ്യമാണ്. ഇവർക്ക് വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-21—കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

വിഹിതം : 1,20,00,000 രൂപ (പദ്ധതിയേതരം)

97. വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും മത്സ്യഫെഡ് സഹകരണ സംഘങ്ങളിൽ നിന്നും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകളിൽ കടാശ്വാസം അനുവദിക്കുന്നതിന് 2500 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-98—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)

വിഹിതം : 50,00,000 രൂപ (പദ്ധതി)

98. പ്രസ്തുത പദ്ധതി മത്സ്യഫെഡ്ഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യവിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. ഐ.എഫ്.ഡി.പി. 2014-15 പദ്ധതി പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 758.04 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-94—മരാമത്തുകൾ

വിഹിതം : 55,00,00,000 രൂപ (പദ്ധതിയേതരം)

99. തീരദേശ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി 2015-16 വർഷത്തെ ബഡ്ജറ്റിൽ 119.36 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 55 കോടിയാണ് അനുവദിച്ചിട്ടുള്ളത്. പൂർത്തിയായതും നടന്നുവരുന്നതുമായ പ്രവൃത്തികൾക്കും പുതിയ പ്രവർത്തനങ്ങൾക്കും അധികം ഫണ്ട് ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 6436 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-84—തലായി മത്സ്യബന്ധന തുറമുഖ പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

100. ലേലപ്പുര, Quay wall, വാർഫ് എന്നിവയുടെ പൂർത്തീകരണത്തിനായി 400 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-80—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

101. പുലിമുട്ട്, ലേലപ്പുര, ഡ്രെഡ്ജിംഗ്, റോഡുകൾ, പാർക്കിംഗ് ഏരിയ, ചുറ്റുമതിൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-73—ചേറ്റുവ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : 80,00,000 രൂപ (പദ്ധതി)

102. പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി 475 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-72—ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രവിഹിതം)

വിഹിതം : 40,00,000 രൂപ (പദ്ധതി)

103. ഈ പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി 45.43 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-70 —വെള്ളയിൽ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രവിഹിതം)

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

104. ഈ പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 1800 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-68 —താനൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രവിഹിതം)

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

105. പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 1800 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-64 —അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രവിഹിതം)

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

106. പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 1800 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-63 —കടലോര മത്സ്യബന്ധനവും അടിസ്ഥാനസൗകര്യവും മത്സ്യവിളവെടുപ്പിന് ശേഷമുള്ള വികസന പദ്ധതിക്ക് കീഴിൽ തൃശ്ശൂർ മുനയ്ക്കാകടവിൽ മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രത്തിന്റെ നിർമ്മാണം (75% കേന്ദ്രവിഹിതം)

വിഹിതം : 24,00,000 രൂപ (പദ്ധതി)

107. മുനയ്ക്കാകടവ് ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ നിർമ്മാണപ്രവൃത്തി 2015-16 വർഷം പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 83.96 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-62—കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം മത്സ്യബന്ധനത്തിന് ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനായുള്ള പദ്ധതി (50% കേന്ദ്രവിഹിതം)

വിഹിതം : 2,64,00,000 രൂപ (പദ്ധതി)

108. 50% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ മെയിന്റനൻസ് ഡ്രഡ്ജിംഗ് പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 1236 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-54—<u>നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം</u>

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

109. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XV, XVII, XIX എന്നിവയിൽ ഉൾപ്പെടുത്തി പുരോഗമിച്ച്/പൂർത്തീകരിച്ച് വരുന്ന പാലങ്ങൾ, റോഡുകൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി അനുവദിച്ച തുകയ്ക്കുപുറമേ <u>1500 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4405-00-104-53—<u>ആർ.ഐ.ഡി.എഫ്. സഹായത്തിന്മേലുള്ള സംയോജിത തീരദേശ വികസന പദ്ധതി</u>

വിഹിതം : 7,40,00,000 രൂപ (പദ്ധതി)

110. മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ <u>6099.59 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4405-00-190-97—<u>എൻ.ബി.സി.എഫ്.ഡി.സി. ആന്റ് എൻ.എം.ഡി.എഫ്.സി. പദ്ധതികളുടെ കീഴിൽ സീഡ്മണി സഹായം</u>

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

111. വായ്പയ്ക്കായുള്ള മത്സ്യത്തൊഴിലാളി അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാൽ ഈ ശീർഷകത്തിൽ <u>50 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4405-00-195-95—<u>എറണാകുളത്തെ വലനിർമ്മാണ ഫാക്ടറിയുടെ ആധുനികവൽക്കരണം</u>

വിഹിതം : ഇല്ല

112. ഈ പദ്ധതിയുടെ രണ്ടാംഘട്ട നടത്തിപ്പിനായി <u>500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4405-00-800-78—<u>ആലപ്പുഴ വടക്ക് അന്ധകാരനഴി പാലം നിർമ്മാണം</u>

വിഹിതം : ഇല്ല

113. ആലപ്പുഴ ജില്ലയിലെ അന്ധകാരനഴിയുടെ വടക്കുഭാഗത്ത് പാലം നിർമ്മിക്കുന്നതിനായി 635 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

റീടെണ്ടർ ചെയ്ത പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 286.37 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-800-76—സംയോജിത തീരദേശവികസനം

വിഹിതം : ഇല്ല

114. മുൻവർഷങ്ങളിൽ പ്രസ്തുത ശീർഷകത്തിൽ നിന്ന് ചെലവഴിക്കുന്നതിനായി അനുമതി ലഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 60 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6405-00-195-99—മത്സ്യബന്ധന വികസനത്തിന് സമഗ്രമാർഗ്ഗനിർദ്ദേശ പദ്ധതിക്കായി മത്സ്യഫെഡ്ഡിന് കൊടുക്കുന്ന വായ്പ (എൻ.സി.ഡി.സി. സഹായം)

വിഹിതം : 18,00,00,000 രൂപ (പദ്ധതി)

115. ഐ.എഫ്.ഡി.പി. 2014-15 പദ്ധതി പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 1114.62 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. പി. മോഹനൻ,

*ചെയർമാൻ,*

*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2015 മേയ് 5.